**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **31-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 -ൽ പാലക്കാട് ജില്ലയിലുണ്ടായ റോഡപകടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ 01.01.2022 മുതൽ 25.08.2022 വരെ 1597 വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾ മൂലം ആളുകൾക്ക് ജീവഹാനിയും പരിക്കും പറ്റിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്ക് വിശദമാക്കുമോ; | (ബി) | ഉണ്ട്. പ്രസ്തുത കാലയളവിൽ പാലക്കാട്ടുണ്ടായ വാഹനാപകടങ്ങളിൽ 227 പേർ മരണപ്പെടുകയും 1805 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 1. 2019-2021 കാലഘട്ടത്തിൽ ജില്ലയിൽ നടന്ന റോഡപകടങ്ങൾ വിശകലനം ചെയ്ത് അപകട മേഖലകൾ കണ്ടെത്തുകയും, അപകട മേഖലകൾ മാപ്പിൽ രേഖപ്പെടുത്തുകയും ടി മാപ്പ് പൊതുജനങ്ങളുടെയും മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും അറിവിലേക്കായി റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ സോഷ്യൽ മീഡിയ പേജ് വഴി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2. അപകട മേഖലകളിൽ റോഡ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.<br>3. അപകട മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്.<br>4. ജില്ലയിൽ നടക്കുന്ന പ്രധാന അപകടങ്ങളെക്കുറിച്ച് പഠിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.<br>5. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.<br>6. റോഡ് സുരക്ഷയ്ക്ക് വിഘാതം ഉണ്ടാക്കുന്ന രീതിയിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ |

ചെയ്യുന്ന ഡ്രൈവർമാരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

7. പാലക്കാട് കോഴിക്കോട് ദേശീയപാത 966-ൽ നിരന്തരം അപകടങ്ങൾ ആവർത്തിച്ചിരുന്ന പനയംപാടം എന്ന സ്ഥലത്ത് പാലക്കാട് ഐ.എ.ടി.യുടെ നേതൃത്വത്തിൽ വിദഗ്ദ പഠനം നടത്തിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിക്കുകയും ചെയ്തിട്ടുണ്ട്.
8. റോഡ് അപകടങ്ങളിൽപെടുന്നവർക്ക് അടിയന്തിരമായി സഹായം എത്തിക്കുന്നതിനുവേണ്ടി പാലക്കാട് - കുളപ്പുള്ളി റോഡ് കേന്ദ്രീകരിച്ച് QRT എന്ന സന്നദ്ധ സംഘടന മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

സുപ്രീം കോർട്ട് കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ നിർദ്ദേശപ്രകാരം റോഡപകടങ്ങളും റോഡപകട മരണങ്ങളും 10% കുറക്കുവാൻ പാലക്കാട് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻമാർക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി ജില്ലാതല ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു കൂടാതെ അപകടങ്ങൾ കുറയ്ക്കാനായി 08.11.2019-ൽ കൂടിയ 40-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിൽ പാലക്കാട് ജില്ലയിലെ തത്തമംഗലം - പൊള്ളാച്ചി റോഡിൽ ട്രാഫിക് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 2019-ലെ ആദ്യത്തെ 7 മാസത്തേയും 2022-ലെ ഇതേ കാലയളവിലേയും കണക്കുകൾ പരിശോധിച്ചാൽ റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ റോഡ് സുരക്ഷാ ചാർട്ടുകൾ സ്ഥാപിക്കുന്നതിനും റോഡ് സുരക്ഷാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ആക്ടിവിറ്റി അടിസ്ഥാനമാക്കിയുള്ള പഠനത്തിനും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനും, കെർബ് ഡ്രിൽ പ്രദർശനത്തിനും, പ്രഥമ ശുശ്രൂഷാ പരിശീലനം നടത്തുന്നതിനും, റോഡ് സുരക്ഷ പ്രതിപാദിക്കുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാനത്തുടനീളമുള്ള

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത 100 സ്കൂളുകൾക്ക് ഒരു സ്കൂളുകളിന് 50,000/- രൂപ വീതം അനുവദിക്കാൻ അതോറിറ്റിയുടെ 45-ാമത് യോഗം തീരുമാനിച്ചു. പാലക്കാട് ജില്ലയിൽ നിന്നും ഏഴ് സ്കൂളുകൾ ഇതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br><br>സ്കൂൾ കുട്ടികളുടെ അപകടസാധ്യതയും തീവ്രതയും കുറയ്ക്കുന്നതിനും സ്കൂൾ പരിസരത്തെ റോഡ് മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ ഇടപെടലുകൾ നടപ്പിലാക്കുന്നതിനുള്ള നാറ്റ്പാക്കിന്റെ 'സേഫ് റോഡ് ടു സ്കൂൾ' എന്ന പരിപാടി 100 സ്കൂളുകളിൽ നടത്തുന്നതിന് 09.03.2022-ന് ചേർന്ന റോഡ് സുരക്ഷ അതോറിറ്റിയുടെ 45-ാമത് യോഗം തീരുമാനിച്ചു. പാലക്കാട് ജില്ലയിൽ നിന്നും നാല് സ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ സ്കൂൾ സോൺ മെച്ചപ്പെടുത്തുന്നതിനും, സ്കൂൾ മേഖല സുരക്ഷിതമാക്കാനും റോഡ് അച്ചടക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം നൽകാനും ലക്ഷ്യമിടുന്ന ഒരു പ്രോജക്ട് പൊതുമരാമത്ത് (റോഡുകൾ & പാലങ്ങൾ) വകുപ്പ് നടപ്പിലാക്കി വരുന്നു. സ്കൂൾ മേഖലകൾ മെച്ചപ്പെടുത്തുന്നതിന് ഘട്ടം ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ 14 ജില്ലകളിലെ 50 സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ നാല് സ്കൂളുകൾ പാലക്കാട് ജില്ലയിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ